# Malayala Manorama

# 1 August 2018

# Athirapilly: Heavy rain and storm, Athirapilly waterfall closed



## അതിരപ്പിള്ളി വിനോദ സഞ്ചാരകേന്ദ്രം അടച്ചു

അതിരപ്പിള്ളി • വാഴച്ചാൽ വനമേഖലയിലെ തോരാമഴയിൽ ചാർപ്പയിൽ കുത്തൊഴുക്ക്. പുഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്നു വിനോദ കേന്ദ്രങ്ങൾ അടച്ചു. അതിരപ്പിള്ളി മുതൽ മലക്കപ്പാറ വരെ താൽക്കാലിക യാത്രാവിലക്ക് ഏർപ്പെടുത്തി.

ഇന്നലെ രാവിലെ ഒൻപതോടെ ആരംഭിച്ച ശക്തമായ മഴ പതിനൊന്നു വരെ നീണ്ടു. കണ്ണൻകുഴി തോട് നിറഞ്ഞൊഴുകി. രണ്ടു വീടുകൾ പൂർണമായും തകർന്നു.

ചാർപ്പകുത്തിൽ ഉണ്ടായ അസാധാരണ ജലപ്രവാഹത്തെ തുടർന്നു പഴയ പാലം തകർന്നു. പുതിയ പാലത്തിന്റെ വശങ്ങളിലെ കരിങ്കൽ കെട്ടുകൾ കുത്തൊഴുക്കിൽ ഇടിഞ്ഞു. പുഴയോരങ്ങളിലെ റിസോർട്ടുകളിൽ വെള്ളം കയറി. കനത്ത മഴയിൽ ഇട്യാനി മുതൽ ചാർപ്പ വരെ റോഡിൽ വെള്ളം നിറഞ്ഞു യാത്ര തടസപ്പെട്ടു. പൊലീസും വനംവകുപ്പും ചേർന്നു സന്ദർശകരെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റി.

**കലിതുള്ളി:** തോരാതെ പെയ്ത മഴയിൽ കുലംകുത്തിയൊഴുകുന്ന അതിരപ്പിള്ളി വെള്ളച്ചാട്ടം. ചിത്രം: മനോരമ